# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5955** **19.11.2019-ൽ മറുപടിക്ക്**

## വൈദ്യുതി വകുപ്പ് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ. എ.പി. അനിൽ കുമാർ | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|
| (എ) വൈദ്യുതി വകുപ്പ് അടുത്ത രണ്ട് വർഷം കൊണ്ട് സംസ്ഥാനത്ത് 15,500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) സംസ്ഥാനത്തു അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികളടങ്ങുന്ന ഊർജ്ജ കേരള മിഷൻ എന്ന ഒരു മഹത്തായ പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇതിൽ 2021 ഓട്ടു കൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി 4036 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ദ്യുതി 2021, കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10000 കോടി രൂപ ചെലവ് വരുന്ന ട്രാൻസ്ഗ്രിഡ് 2.0, 2021 ഓട്ടു കൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ചു കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ എൽ.ഇ.ഡി ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിലെ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് ഇ-സേഫ് പദ്ധതി എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്.<br><br>സംസ്ഥാന പ്രസരണ മേഖല ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ ലക്ഷ്യമിട്ട ട്രാൻസ്ഗ്രിഡ് 2.0, 10,000 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതിക്കായി 6375 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ഇതിൽ 5200 കോടി മുതൽ മുടക്കുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകി കഴിഞ്ഞു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PSDF ൽ നിന്നും ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ ഭാഗമായ രണ്ടു പ്രവൃത്തികൾക്ക് 400 കോടി രൂപയുടെ സഹായവും നേടിയെടുക്കാനായിട്ടുണ്ട്. വിതരണ ശൃംഖലയുടെ |

| | | |
|---|---|---|
| | | നവീകരണം മുന്നിൽ കണ്ട് 4036 കോടി രൂപ ചിലവിൽ നടപ്പാക്കപ്പെടുന്ന പദ്ധതിയാണ് ദ്യുതി 2021. 2021 ഓടു കൂടി 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പദ്ധതികളിലൂടെ കൂട്ടി ചേർക്കുന്ന സൗര പദ്ധതിയിൽ 50 ശതമാനം (500 മെഗാവാട്ട്) വൈദ്യുതിയും പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതികളിൽ നിന്നും, 150 മെഗാവാട്ട് സോളാർ പാർക്കുകളിൽ നിന്നും ബാക്കി 200 മെഗാവാട്ട് ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും കരാർ മുഖേന വാങ്ങിയും കൂട്ടിച്ചേർക്കാൻ ആണ് ഉദ്ദേശിക്കുന്നത്. ഗാർഹിക മേഖലയിൽ നിലവിലുള്ള INCANDESCENT LAMP, CFL ഇവയ്ക്ക് പകരമായി 9W LED ബൾബുകൾ ഇടുകയും, ഫ്ലൂറസെന്റ് ട്യൂബുകൾക്ക് പകരമായി 18W/20W LED ട്യൂബുകൾ ഇടുകയും ചെയ്യുക എന്നതാണ് ഫിലമെന്റ് രഹിത പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളം ഒരു വൈദ്യുതി അപകട രഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ. എസ്. ഇ. ബോർഡ് ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ-സേഫ്". 'വൈദ്യുതി അപകട രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്.<br>ട്രാൻസ്ഗ്രിഡ് 2.0,ദ്യുതി 2021 എന്നീ പദ്ധതികൾക്ക് KIIFB, കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിയന്ത്രണത്തിലുള്ള ധനശേഖരമായ PSDF എന്നിവയ്ക്കു പുറമേ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ട്, സർക്കാർ അനുമതിയോടു കൂടി ബാങ്കിംഗ്, ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പദ്ധതികൾക്കായി പ്രത്യേക വായ്പ തുടങ്ങിയ മാർഗ്ഗങ്ങളിൽ നിന്നും തുക കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. സ്ഥിരപദ്ധതിയിൽ മുതൽ മുടക്കുന്നത് പ്രധാനമായും ഉപഭോക്താക്കളോ, അല്ലെങ്കിൽ സ്വകാര്യ നിക്ഷേപകരോ ആകും. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി ബോർഡ് തലത്തിൽ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ